## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 6491 — 11.07.2012 - ൽ മറുപടിക്ക്

### കെ. സുധാകരൻ എം. പി. നടത്തിയ പ്രസംഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ<br>" ജെയിംസ് മാത്യു<br>" കെ. കെ. നാരായണൻ<br>" റ്റി. വി. രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പോലീസിന് തോക്ക് നൽകിയത് ആളെ കൊല്ലാനാണ് എന്ന് പ്രഖ്യാപിച്ചു കൊണ്ട് കെ. സുധാകരൻ, എം.പി. കണ്ണൂരിൽ നടത്തിയ പ്രസംഗം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അംഗരക്ഷകർക്ക് തോക്ക് നൽകുന്നത് സുരക്ഷയ്ക്ക് അത്യാവശ്യമായ ഘട്ടത്തിൽ ഉപയോഗിക്കാൻ ആണെന്ന രീതിയിൽ പറഞ്ഞിട്ടുള്ളതായി അറിവായിട്ടുണ്ട്. |
| (ബി) കണ്ണൂരിലെ നാല്പാടി വാസു കൊലക്കേസിന്റെ എഫ്.ഐ.ആറിൽ പേര് ഉണ്ടായിരുന്ന ആളാണോ ശ്രീ. കെ. സുധാകരൻ; | (ബി) അല്ല. എന്നാൽ CRPC 173(8) പ്രകാരം റീ-ഇൻവെസ്റ്റിഗേഷൻ നടത്തി ശ്രീ. കെ. സുധാകരനെ പ്രതി ചേർക്കുകയാണ് ഉണ്ടായത്. |
| (സി) എങ്കിൽ ഈ വധക്കേസുമായി ബന്ധപ്പെടുത്തി അദ്ദേഹം ഇപ്പോൾ നടത്തിയതായ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ശ്രീ. കെ. സുധാകരൻ, എം.പി. യുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രശാന്ത് ബാബു എന്നയാൾ മാധ്യമങ്ങളോട് കണ്ണൂർ ജില്ലയിൽ നടന്ന ചില കേസുകളിൽ ശ്രീ. കെ. സുധാകരൻ എം.പി. യ്ക്ക് ബന്ധമുണ്ട് എന്ന തരത്തിൽ ചില വെളിപ്പെടുത്തലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരം |

റേഞ്ച് ഐ.ജി. ശ്രീ. ഷേക്ക് ദർവേഷ് സാഹിബ് ഐ.പി.എസ്. ന്റെ നേതൃത്വ ത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേ ഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | വധിക്കപ്പെട്ട നാല്പാടി വാസുവിന്റെ ബന്ധുക്കൾ ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് ഹർജി നൽകിയിട്ടുണ്ടോ? | (ഡി) | നാല്പാടി വാസു വധക്കേസ് പുനരന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നാല്പാടി രാജൻ ഹർജി നൽകിയി ട്ടുണ്ട്. |

Joseph K
സെക്ഷൻ ഓഫീസർ